**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1791** **13-02-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കുള്ള ശമ്പളവും പെൻഷനും അതത് മാസം അഞ്ചാം തീയതിക്കകം നൽകണമെന്ന് ഹൈക്കോടതി നിർദ്ദേശം ഉണ്ടായിരുന്നോ; | (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കുള്ള ശമ്പളം അഞ്ചാം തീയതിക്കോ അല്ലെങ്കിൽ പരമാവധി 10-ാം തീയതിക്കുള്ളിൽ നൽകണമെന്ന് ബഹു.ഹൈക്കോടതി 11/07/22-ലെ W.P.(C) 15353/22 എന്ന കേസിൽ ഉത്തരവായിരുന്നു. എന്നാൽ ഇതിനെതിരെ കെ.എസ്.ആർ.ടി.സി. ഫയൽ ചെയ്ത W.A. 2175/23 എന്ന അപ്പീൽ കേസിൻമേലുള്ള 08/01/2024-ലെ ഇടക്കാല ഉത്തരവ് പ്രകാരം മേൽ ഉത്തരവ് ഭേദഗതി വരുത്തിക്കൊണ്ട് ശമ്പളത്തിന്റെ 50% എല്ലാ മാസവും 10-ാം തീയതിക്ക് മുമ്പായിട്ടും ബാക്കി 50% 20-ാം തീയതിക്കകവും വിതരണം ചെയ്യുന്നതിന് ബഹു. കോടതി ഉത്തരവായിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ വിതരണം അഞ്ചാം തീയതിക്കകം നടത്തണമെന്ന് ബഹു. ഹൈക്കോടതിയുടെ W.P.(C) 15093/2017 മുതൽ കേസുകളിൽ (connected cases) ബഹു. കോടതി 05/08/2022 തീയതിയിൽ ഉത്തരവായിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത നിർദ്ദേശപ്രകാരം ശമ്പളവും പെൻഷനും വിതരണം ചെയ്യാൻ കഴിയാത്തതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ; | (ബി) | കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ 2023 ഫെബ്രുവരി മാസം മുതലുള്ള ജീവനക്കാരുടെ ശമ്പളം രണ്ട് ഗഡുക്കളായാണ് വിതരണം ചെയ്ത് വന്നിരുന്നത്.<br><br>മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ, 20/06/2024-ൽ ചേർന്ന യോഗത്തിൽ എല്ലാ മാസവും ഒറ്റത്തവണയായി കൃത്യമായി ശമ്പളം നൽകാനുള്ള സംവിധാനം കെ.എസ്.ആർ.ടി.സി. ക്രമീകരിക്കേണ്ടതാണെന്ന തീരുമാനം കൈക്കൊണ്ടിരുന്നു. ഇതിൻപ്രകാരം 2024 സെപ്റ്റംബർ മാസം മുതൽ (2024 ആഗസ്റ്റ് |

| | | | |
|---|---|---|---|
| | | | മാസത്തെ ശമ്പളം) ജീവനക്കാരുടെ ശമ്പളം ഒറ്റത്തവണയായി പൂർണ്ണമായി വിതരണം ചെയ്ത് വരികയാണ്. നിലവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും 50 കോടി രൂപ ഓവർഡ്രാഫ്റ്റ് വായ്പയും, സർക്കാർ ധനസഹായവും, മറ്റ് അവശ്യചെലവുകൾ (ഡീസൽ, സ്പെയർ പാർട്സ്, എം.എ.സി.ടി. തുടങ്ങിയവ) മാറ്റിവെച്ച് ഫണ്ട് സമാഹരിച്ചുമാണ് ജീവനക്കാരുടെ ശമ്പളം ഒറ്റത്തവണയായി വിതരണം ചെയ്തുവരുന്നത്. ആയത് സ്വരൂപിക്കാനുണ്ടാകുന്ന കാലതാമസംകൊണ്ട് മാത്രമാണ് ശമ്പളം ആദ്യ ആഴ്ചയിൽ തന്നെ വിതരണം ചെയ്യാൻ സാധിക്കാതെ പോകുന്നത്.<br><br>മുഖ്യമന്ത്രി മുൻകൈയ്യെടുത്ത് 2018 ഫെബ്രുവരി മാസം മുതൽ പ്രാഥമിക കാർഷിക സഹകരണ സംഘം മുഖേന പെൻഷൻ വിതരണം ചെയ്യുന്നതിന് കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത സഹകരണ സംഘങ്ങൾ വഴി പെൻഷൻ വിതരണം ചെയ്തുവരികയാണ്. 2024 നവംബർ മാസം വരെ കാലവധിയുണ്ടായിരുന്ന ത്രികക്ഷി കരാർ നിലവിൽ 2024 ഡിസംബർ മാസം മുതൽ ഒരു വർഷക്കാലത്തേക്ക് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി പെൻഷൻ വിതരണം ചെയ്യുന്നതിന് സർക്കാരും, കെ.എസ്.ആർ.ടി.സി.യും കേരള ബാങ്കുമായി ചേർന്ന് ത്രികക്ഷി കരാർ ഒപ്പുവെച്ചിട്ടുണ്ട്. അപ്രകാരം 2025 നവംബർ വരെയുള്ള പെൻഷൻ വിതരണം നടത്താൻ കഴിയുന്നതാണ്. |
| (സി) | ഇവ കൃത്യമായി വിതരണം ചെയ്യാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ 2023 ഫെബ്രുവരി മാസം മുതലുള്ള ജീവനക്കാരുടെ ശമ്പളം രണ്ട് ഗഡുക്കളായാണ് വിതരണം ചെയ്ത് വന്നിരുന്നത്.<br><br>മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ, 20/06/2024-ൽ ചേർന്ന യോഗത്തിൽ എല്ലാ മാസവും ഒറ്റത്തവണയായി കൃത്യമായി ശമ്പളം നൽകാനുള്ള സംവിധാനം കെ.എസ്.ആർ.ടി.സി. ക്രമീകരിക്കേണ്ടതാണെന്ന തീരുമാനം കൈക്കൊണ്ടിരുന്നു. ഇതിൻപ്രകാരം 2024 സെപ്റ്റംബർ മാസം മുതൽ (2024 ആഗസ്റ്റ് മാസത്തെ ശമ്പളം) ജീവനക്കാരുടെ ശമ്പളം ഒറ്റത്തവണയായി പൂർണ്ണമായി വിതരണം ചെയ്ത് വരികയാണ്. നിലവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും 50 കോടി രൂപ ഓവർഡ്രാഫ്റ്റ് വായ്പയും, സർക്കാർ ധനസഹായവും, മറ്റ് അവശ്യചെലവുകൾ (ഡീസൽ, സ്പെയർ പാർട്സ്, എം.എ.സി.ടി. തുടങ്ങിയവ) മാറ്റിവെച്ച് ഫണ്ട് |

| | | | |
|---|---|---|---|
| | | | സമാഹരിച്ചമാണ് ജീവനക്കാരുടെ ശമ്പളം ഒറ്റത്തവണയായി വിതരണം ചെയ്തുവരുന്നത്. ആയത് സ്വരൂപിക്കാനുണ്ടാകുന്ന കാലതാമസംകൊണ്ട് മാത്രമാണ് ശമ്പളം ആദ്യ ആഴ്ചയിൽ തന്നെ വിതരണം ചെയ്യാൻ സാധിക്കാതെ പോകുന്നത്.<br><br>മുഖ്യമന്ത്രി മുൻകൈയ്യെടുത്ത് 2018 ഫെബ്രുവരി മാസം മുതൽ പ്രാഥമിക കാർഷിക സഹകരണ സംഘം മുഖേന പെൻഷൻ വിതരണം ചെയ്യുന്നതിന് കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത സഹകരണ സംഘങ്ങൾ വഴി പെൻഷൻ വിതരണം ചെയ്തുവരികയാണ്. 2024 നവംബർ മാസം വരെ കാലവധിയുണ്ടായിരുന്ന ത്രികക്ഷി കരാർ നിലവിൽ 2024 ഡിസംബർ മാസം മുതൽ ഒരു വർഷക്കാലത്തേക്ക് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി പെൻഷൻ വിതരണം ചെയ്യുന്നതിന് സർക്കാരും, കെ.എസ്.ആർ.ടി.സി.യും കേരള ബാങ്കുമായി ചേർന്ന് ത്രികക്ഷി കരാർ ഒപ്പുവെച്ചിട്ടുണ്ട്. അപ്രകാരം 2025 നവംബർ വരെയുള്ള പെൻഷൻ വിതരണം നടത്താൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ